**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1639** **08-02-2023 - ൽ മറുപടിയ്ക്ക്**

**സോളാർ വേലികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗ ശല്യത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിന് സോളാർ വേലികൾ സ്ഥാപിക്കുന്നതിനായി കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (എ) | **സംസ്ഥാന കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ആനുകൂല്യം അനുവദിച്ച് വരുന്നു. 2022-23 സാമ്പത്തിക വർഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി 50 ലക്ഷം രൂപ 'മാനേജ്മെന്റ് ഓഫ് വൈൽഡ് അനിമൽ അറ്റാക്ക്' എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. അടുത്ത സാമ്പത്തിക വർഷത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ